**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 470

**02.12.2014 - ലെ മറുപടിയ്ക്ക്**

**സേവനങ്ങളുടെ ഫീസ് വർദ്ധന**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.ചെന്താമരാക്ഷൻ** | **ശ്രീ.കെ.എം.മാണി**<br>**ബഹു.ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| (എ) വിവിധ വകുപ്പുകൾക്ക് കീഴിൽ നൽകുന്ന സേവനങ്ങളുടെ യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | ഉണ്ട് |
| (ബി) നിലവിലുള്ള ചാർജ്ജുകളുടെ എത്ര ശതമാനം വീതം വർദ്ധിപ്പിച്ചിട്ടുണ്ട്; പ്രസ്തുത വർധന എന്നു മുതൽ നിലവിൽ വരുകയുണ്ടായി; | 10 രൂപ വരെ ഈടാക്കുന്ന സേവനങ്ങൾക്കുള്ള ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. 10 നു മുകളിൽ 1000 രൂപ വരെ 50% വും 1000 നു മുകളിൽ 10000 വരെ 25% ഉം 10000 - നു മുകളിൽ ഉള്ളവയ്ക്ക് 15% വും ആണ് 23.09.2014 ലെ ജി.ഒ.(പി) നം.409/14/ധന ഉത്തരവ് പ്രകാരം വർദ്ധനവ് വരുത്തിയിട്ടുള്ളത്. നിരക്ക് വർദ്ധന 01/10/2014 മുതൽ നിലവിൽ വന്നു. |
| (സി) തന്നാണ്ടിലെ ബഡ്ജറ്റിൽ റവന്യൂ റസീറ്റ്സ് (ഹെഡ് ഓഫ് അക്കൗണ്ട് 0051 മുതൽ 1475 വരെ) പ്രതീക്ഷിച്ചത് എത്ര കോടി ആയിരുന്നു; റിവിഷനോടുകൂടി ഇത് തന്നാണ്ടിന് എത്ര കോടിയായി വർദ്ധിക്കും; | 2014-15 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 6012.0723 കോടി രൂപ ഈ ഇനത്തിൽ പ്രതീക്ഷിച്ചിരുന്നു. റിവിഷനോട് കൂടി ഒരു സാമ്പത്തിക വർഷം 350 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ആയതിന് ആനുപാതികമായി 6187.07 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം ഈ ഇനത്തിൽ പ്രതീക്ഷിക്കുന്നത്. |
| (ഡി) 2015-16 സാമ്പത്തിക വർഷത്തിൽ പുതുക്കിയ നിരക്കിൽ ലഭിക്കുന്ന റവന്യൂ റസീറ്റ്സ് എത്ര കോടിയായിരിക്കും; 2014-15 - ൽ പ്രതീക്ഷിക്കുന്നതിനേക്കാൾ എത്ര ശതമാനം 2015-16 - ൽ പ്രതീക്ഷിക്കാമെന്ന് വിശദമാക്കാമോ? | 2015-16 - ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറായാൽ മാത്രമേ ആയത് വ്യക്തമാക്കാൻ സാധിക്കൂ. |

**അക്കൗണ്ട്സ് ഓഫീസർ**